I ഇ.ബി. XIII- കേരള നിയമസഭ/VIII-5

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തരപ്രമേയം**

**ആൽഡൻ ആന്റണിയുടെ കൊലപാതകം**

മി. സ്പീക്കർ: തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വെട്ടുതുറ കടൽത്തീരത്ത് സാമൂഹ്യപ്രവർത്തകൻ ആൽഡൻ ആന്റണിയുടെ കൊലപാതകം നടത്തിയ അക്രമിസംഘത്തിലുള്ളവരെ പോലീസ് അറസ്റ്റ് ചെയ്യാത്തതിനെത്തുടർന്ന് ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു ടി. തോമസ്, വി. ശിവൻകുട്ടി, വി.എസ്. സുനിൽ കുമാർ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വെട്ടുതുറ നിവാസികളും മര്യനാട് നിവാസികളും തമ്മിൽ നിസ്സാര പ്രശ്നത്തിന്റെ പേരിലുണ്ടായ വാക്കുതർക്ക മാണ് വലിയ സംഘർഷത്തിലേയ്ക്ക് നയിച്ചത്. സംഘർഷം ശക്തമായപ്പോൾ പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയും കഴക്കൂട്ടം സി.ഐ.യുടെ നേതൃത്വത്തിൽ പോലീസ് സംഭവ സ്ഥലത്ത് എത്തിച്ചേരുകയുമുണ്ടായി. സംഭവസ്ഥലത്ത് എത്തിയ ആൾഡൻ ആന്റണി സംഘർഷം ഒഴിവാക്കാൻ ശ്രമിക്കവേ അക്രമിസംഘം ഇരുമ്പ് ദണ്ഡുകൊണ്ട് അദ്ദേഹത്തെ അടിച്ച് പരിക്കേൽപ്പിക്കുകയും ഉടനെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരണം സംഭവിക്കുകയുമാണുണ്ടായത്. ഈ സംഭവം സംബന്ധിച്ച് കഠിനംകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഇതിനോടകം മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും ബാക്കിയുള്ള പ്രതികളെ കണ്ടെത്താനുള്ള ശ്രമം നടത്തിവരികയുമാണ്.

ശ്രീ. മാത്യു ടി. തോമസ്: തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം വെട്ടുതുറ കടൽത്തീരത്ത് 17-03-2013-ന് രാവിലെ സാമൂഹ്യപ്രവർത്തകനായ ആൾഡൻ ആന്റണിയെ ഗുണ്ടാസംഘം പോലീസ് സംഘത്തിന്റെ കൺമുന്നിൽവച്ച് കൊലപ്പെടുത്തുകയുണ്ടായി. സംഘഷർത്തിനിടയിൽ വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിലെ ഇടവക വികാരി ഫാദർ പോൾബാബു ഉൾപ്പെടെ സ്ഥലവാസികളായ നിരവധി പേർക്ക് മർദ്ദനമേറ്റു. വെട്ടുതുറ കടൽത്തീരത്ത് ചീട്ടുകളി പതിവായതിനാൽ ചീട്ടുകളി അനുവദി ക്കില്ലെന്ന് പറഞ്ഞ് മര്യനാട് നിന്നുള്ള ഒരു സംഘം ഗുണ്ടകൾ എത്തി പ്രദേശവാസികളെ മർദ്ദിച്ചപ്പോൾ പള്ളി വികാരി ഇടപെടുകയും

വിവരമറിഞ്ഞ് എത്തിയ കഴക്കൂട്ടം പോലീസ് സംഭവസ്ഥലത്ത് കാഴ്ചക്കാരായി നോക്കിനിൽക്കുകയുമാണ് ചെയ്തത്. അതേസമയം സംഘർഷം ഒത്തുതീർപ്പാക്കാൻ അവിടെയെത്തിയ ആൾഡൻ ആന്റണിയെ അക്രമിസംഘം മാരകായുധങ്ങളുപയോഗിച്ച് കൊലപ്പെടുത്തുകയാണുണ്ടായത്. മരണവിവരം അറിഞ്ഞ് ഓടിരക്ഷപ്പെടാൻ ശ്രമിച്ച പ്രതികളെ നാട്ടുകാർ ചേർന്ന് പോലീസിനെ ഏൽപ്പിച്ചു. പിടികൂടിയ പ്രതികളെ വിട്ടയയ്ക്കാൻ ഉന്നതങ്ങളിൽനിന്ന് സമ്മർദ്ദമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കൊല്ലപ്പെട്ട ആൾഡൻ ആന്റണിയുടെ നിരാലംബരായ കുടുംബാംഗങ്ങൾക്ക് ആശ്വാസം നൽകാൻ നടപടിയുണ്ടാകണം. സംഭവത്തിൽ വീഴ്ച കാണിച്ച കഴക്കൂട്ടം സി. ഐ. അടക്കമുള്ളവരുടെമേൽ നടപടിയെടുക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശശിയുടെ മണ്ഡലത്തിൽ നടന്ന സംഭവമായതിനാൽ അദ്ദേഹത്തിനും സംസാരിക്കാം.

ശ്രീ. വി. ശശി: കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടക്കുന്ന മൂന്നാമത്തെ കൊലപാതകമാണ് ഇത്. സംഭവ സമയത്ത് സർക്കിൾ ഇൻസ്പെക്ടർ ഉണ്ടായിരുന്നിട്ടുപോലും സംഘർഷാവസ്ഥ തടയാനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല. ഈ കേസന്വേഷിക്കുന്ന സി.ഐ.യെ മാറ്റി മറ്റൊരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണം. മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായം നൽകുകയും ഭാര്യയ്ക്ക് ജോലി നൽകുകയും വേണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വെട്ടുതുറ സെന്റ് സെബാസ്റ്റ്യൻ ചർച്ച് വികാരി ഫാദർ പോൾ ബാബുവിന് പരിക്കേറ്റത് സംബന്ധിച്ച പരാതിയോ

മെഡിക്കൽ റിപ്പോർട്ടോ ഇതുവരെ ലഭിച്ചിട്ടില്ല. ഈ സംഭവവുമായി ബന്ധപ്പെട്ട് നാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് വളരെ ശക്തമായി തന്നെ മുന്നോട്ട് കൊണ്ടുപോകും. അവിടെ ആവശ്യമായ പോലീസിനെ വിന്യസിച്ച് അക്രമം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. ഗുണ്ടാവിളയാട്ടവും കൊലപാതകങ്ങളും അവസാനിപ്പിച്ച് സമാധാനം നിലനിർത്താൻ ഭരണ-പ്രതിപക്ഷങ്ങളുടെ സഹകരണം ആവശ്യമാണ്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്.അച്ചുതാനന്ദൻ, സി. ദിവാകരൻ, സി.കെ.നാണു, എ.എ.അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) അടിസ്ഥാന യോഗ്യതാമാറ്റം പുന:പരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മമ്മൂട്ടി: പി.എസ്.സി.യുടെ ശുപാർശ പ്രകാരം സർക്കാർ വിവിധ തസ്തികകളിലേയ്ക്കുള്ള മിനിമം യോഗ്യത വർദ്ധിപ്പിച്ചത് വിദ്യാഭ്യാസപരമായി ഇപ്പോഴും പിന്നോക്കം നിൽക്കുന്ന പട്ടികജാതി /പട്ടിക

വർഗ്ഗ പിന്നോക്ക മേഖലയിലെ ജനവിഭാഗത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ക്ലാർക്ക് തസ്തികയ്ക്ക് പ്ലസ് ടു അടിസ്ഥാന യോഗ്യത യായി നിശ്ചയിക്കുന്നതോടുകൂടി എസ്.എസ്.എൽ.സി പാസ്സായ ഇത്തരക്കാർക്ക് അപേക്ഷിക്കുവാനുള്ള അവസരം നഷ്ടപ്പെടുകയാണ്. മിനിമം വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.യായിത്തന്നെ നിലനിറു ത്തിയാൽ മത്സര പരീക്ഷയിൽ ഈ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളും തെരഞ്ഞെടുക്കപ്പെടും. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് ബിരുദത്തിന് 50 % മാർക്കു വാങ്ങിയിരിക്കണമെന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തി ഡിഗ്രി മിനിമം ക്വാളിഫിക്കേഷനായി നിശ്ചയി ക്കണം. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി വിവിധ ജില്ലകളിൽവച്ച് നടത്തിയ തെളിവെടുപ്പിന്റെ റിപ്പോർട്ടുകൂടി പരിഗ ണിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): മിനിമം യോഗ്യത ഉയർത്തിയതിലൂടെ പിന്നോക്ക വിഭാഗങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ ബുദ്ധിമുട്ട് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ആവശ്യമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന താണ്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശുപാർശ പ്രകാരം 1-7-2011-ന് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം എൽ.ഡി.സി. തസ്തികയുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു ആയും സെക്രട്ടേറിയറ്റ് അസി സ്റ്റന്റ് തസ്തികയുടേത് 50% മാർക്കോടുകൂടിയ സയൻസ് ബിരുദവും 45% മാർക്കോടുകൂടിയ ആർട്സ് ബിരുദവും ഡി.സി.എ. യുമായി പുതുക്കി നിശ്ച യിച്ചിരുന്നു. പട്ടികജാതി/പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് മാർക്ക്

നിബന്ധനയിൽ ഇളവും അനുവദിച്ചിരുന്നു. ഏതെങ്കിലും വിഭാഗത്തിന് സിവിൽ സർവ്വീസിലേയ്ക്ക് കടന്നുവരുന്നതിന് പുതുക്കിയ യോഗ്യത തടസ്സമായിരിക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ ആ കാര്യം പഠിച്ച് തീരുമാനമെടുക്കുന്നതാണ്. അസംബ്ളി കമ്മിറ്റിയുടെ പഠന റിപ്പോർട്ടും ഗൗരവമായി എടുക്കുന്നതാണ്.

## (2) വയനാട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ.കെ. വിജയൻ: വയനാട് ജില്ലയിൽ അതിരൂക്ഷമായ വരൾച്ച മൂലം വ്യാപക കൃഷിനാശം ഉണ്ടായിരിക്കുകയാണ്. കബനിയും അനുബന്ധ നദികളും വറ്റിപ്പോയതിനാൽ ജലക്ഷാമവും കർണ്ണാടകയിലെ റിസർവ്വ് വനങ്ങൾ ഉണങ്ങിയതിനെത്തുടർന്ന് വന്യമൃഗ ശല്യവും രൂക്ഷമായിരിക്കുകയാണ്. വായ്പകൾ തിരിച്ചടയ്ക്കാനാകാതെ കർഷകർ കടക്കെണിയിലായിരിക്കുകയാണ്. ടൈഗർ സോണെന്ന കുപ്രചരണം നടക്കുന്നതിനാൽ ഭൂമി കൈമാറ്റം ചെയ്യാനും സാധിക്കുന്നില്ല. കൃഷിക്കാർ നിത്യനിദാന ചെലവുകൾക്കായി തുച്ഛമായ വിലയ്ക്ക് മരങ്ങൾ മുറിച്ചുവിൽക്കുന്നത് പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കും. ഭൂഗർഭ ജലനിരപ്പ് താഴ്ന്നതിന്റെ ഫലമായി കുടിവെള്ള ക്ഷാമം രൂക്ഷമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അവിടത്തെ കർഷകർക്ക് ഏക്കറിന് 15,000 രൂപ വീതം നൽകുന്നതിനും അവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും പുതുതായി കൃഷിയിറക്കുന്നതിന് സഹായം നൽകുന്നതിനുംവേണ്ടിയുള്ള ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. വയനാട്ടിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും കബനി നദിയിൽ തടയണകൾ നിർമ്മിക്കുന്ന

തിനും ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. കടുവയുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): വയനാട് ജില്ലയിൽ മുള്ളൻകൊല്ലി, പുൽപള്ളി എന്നീ പഞ്ചായത്തുകളിൽ നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയിൽ കുറവുണ്ടാകുകയും മറ്റ് കാർഷിക വിളകൾ നശിച്ചുകൊണ്ടിരിക്കുകയുമാണ്. ജലാശയങ്ങളെല്ലാം വറ്റിവരണ്ടതിനാൽ കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നുണ്ട്. കർഷകർ കടക്കെണിയിലായിരിക്കുകയാണ്. ഈ പ്രദേശങ്ങളിൽനിന്നും വരൾച്ചാ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവനുകൾ മുഖേന സ്വീകരിക്കുകയും 243.95 ലക്ഷം രൂപ ഇതിനായി വേണ്ടിവരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുള്ളത് പരിഗണനയിലാണ്. വയനാട് ജില്ലയിൽ വരൾച്ച രൂക്ഷമാക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം മുഖ്യമന്ത്രി ഏപ്രിൽ മാസം 6-ാം തീയതി സന്ദർശിക്കുന്നതും അവിടത്തെ കർഷകരുടെ ആവശ്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതുമാണ്.

## സബ്മിഷൻ

### (1) വി. ശശീന്ദ്രന്റെ മരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മലബാർ സിമെന്റ്സിലെ മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റെയും രണ്ട് കുട്ടികളുടെയും ദുരൂഹ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ വി.എം. രാധാകൃഷ്ണന്റെ റിമാന്റ് റിപ്പോർട്ടിൽ മലബാർ സിമെന്റ്സിൽ വർഷങ്ങളായി നടന്നുവന്ന അഴിമതികളാണ് ദാരുണ മരണങ്ങൾക്ക് കാരണമെന്ന് സി.ബി.ഐ. വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലബാർ സിമെന്റ്സിലെ മുഴുവൻ അഴിമതി കേസ്സുകളുടെയും അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടുന്നതിനും കൊല്ലപ്പെട്ട ശശീന്ദ്രന്റെ പിതാവ് നൽകിയ കേസ് സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മലബാർ സിമെന്റ്സിലെ അഴിമതിയുമായി ബന്ധപ്പെട്ട് 5 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ്സുകളുടെ അന്വേഷണത്തിനാവശ്യമായ രേഖകൾ സി.ബി.ഐ.യ്ക്ക് നൽകുന്നതിന് സർക്കാർ തയ്യാറാണ്. ശശീന്ദ്രന്റെ പിതാവ് ഹൈക്കോടതിയിൽ നൽകിയ കേസ് വിചാരണയിലിരിക്കുകയാണ്. കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നിയമവശം പരിശോധിച്ചശേഷമേ സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## (2) അടിസ്ഥാന സൗകര്യ വികസനം

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ നഗരസഭയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും അവിടെയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ് വികസിപ്പിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ആറ്റിങ്ങൽ നഗരസഭ റോഡ് വികസന പദ്ധതിക്കായുള്ള നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. ശുചിത്വ മേഖലയിൽ പണിയെടുക്കുന്നവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അതാതു നഗരസഭകൾതന്നെ നൽകണമെന്നുള്ളതുകൊണ്ട് ആറ്റിങ്ങൽ നഗരസഭയെ പ്രസ്തുത ബാധ്യതയിൽനിന്നും ഒഴിവാക്കാൻ സാധ്യമല്ല. ഖരമാലിന്യ സംസ്കരണ പ്ലാന്റ് പുതുക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

## (3) കാർഷിക വികസന അതോറിറ്റി രൂപീകരണം

ശ്രീ. പി. തിലോത്തമൻ: ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ വേമ്പനാട് കായലിനും അറബിക്കടലിനും ഇടയ്ക്കുള്ള ഭൂപ്രദേശത്ത് ഒരു കാർഷിക വികസന അതോറിറ്റി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രി. കെ. പി. മോഹനൻ): ചേർത്തല താലൂക്കിലെ കരപ്പുറം പ്രദേശത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയാൽ ആ പ്രദേശത്തിന്റെ പുരോഗതിക്കും സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കും മുതൽക്കൂട്ടാകുമെങ്കിലും കേരളം ഒട്ടാകെ അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നതിനാൽ പ്രത്യേകിച്ച് ഒരു

പ്രദേശത്തേയ്ക്ക് മാത്രമായി കാർഷിക വികസന അതോറിറ്റിക്ക് രൂപം നൽകുക എന്നത് അപ്രായോഗികമാണ്.

## (4) പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. എം.പി. വിൻസന്റ്: കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ, പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതുൾപ്പടെയുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കാർഷിക സർവ്വകലാശാലയ്ക്ക് 58.83 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയാണുള്ളത്. ഇത് തീർക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (5) ആലപ്പുഴ ജില്ലാ സർക്യൂട്ട് ടൂറിസം പ്രോജക്ടിന് ആവശ്യമായ സ്ഥലം

ശ്രീ. എ. എം. ആരിഫ്: ആലപ്പുഴ ജില്ലാ സർക്യൂട്ട് ടൂറിസം പ്രോജക്ടിനായി തെരഞ്ഞെടുത്ത സ്ഥലം വിവിധ വകുപ്പുകളുടെ കീഴിലായതിനാൽ പ്രസ്തുത വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ച് സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിന് കേന്ദ്രസർക്കാർ പണം റിലീസ് ചെയ്യുന്നതോടൊപ്പം എക്സൈസ് - ആരോഗ്യ- ഇറിഗേഷൻ വകുപ്പുമന്ത്രിമാരുടെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (6) ടെണ്ടറുകളിൽ അടിയന്തര തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എം. ഷാജി: അഴീക്കൽ തുറമുഖ വികസനത്തിനായി ക്ഷണിച്ചിട്ടുള്ള ടെണ്ടറുകളിൽ അടിയന്തിര തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അഴീക്കൽ തുറമുഖ വികസനത്തിന് മുംബൈ ആസ്ഥാനമായ എ.ബി.ജി സിമെന്റ്സ് സമർപ്പിച്ച പുതുക്കിയ ആർ.എഫ്.റ്റി അനുസരിച്ചുള്ള ടെണ്ടർ സർക്കാർ അംഗീകരിക്കാത്തതിനെത്തുടർന്ന് എമർജിംഗ് കേരളയിൽ വന്ന പദ്ധതി പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി 4 മോഡ്യൂളുകളായി റീടെണ്ടർ ക്ഷണിക്കുകയും എ.ബി.ജി. സിമെന്റ്സ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. കൂടാതെ 15 ഏക്കർ സ്ഥലം സിമന്റ് ടെർമിനലിന് പാട്ടത്തിന് നൽകുന്നതിനുള്ള ലീസ് എഗ്രിമെന്റും, കൺസ്ട്രക്ഷൻ എഗ്രിമെന്റും ഒപ്പുവയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി എത്രയുംവേഗം സിമെന്റ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

### (7) കണ്ണൂർ വിമാനത്താവള പദ്ധതി

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ വിമാനത്താവള പദ്ധതിയുടെ പ്രവർത്തനം ത്വരിതഗതിയിലാക്കുന്നതിനും സർവ്വേ നടപടികൾ പൂർത്തി യാക്കി .ഗ്രീൻഫീൽഡ് റോഡ് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മിക്കുന്നതിനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) ഇന്റഗ്രേറ്റഡ് പ്രോജക്ട് കൺസൾട്ടൻസിയായ ഈകോം (AECOM)-ഉം തയ്യാറാക്കിയ മാസ്റ്റർപ്ലാൻ 20-3-2013-ന് കൂടിയ എയർപോർട്ട് ഡയറക്ടർ ബോർഡ് യോഗം അംഗീകരിക്കുകയും കേന്ദ്ര ഏജൻസികളുമായി ചർച്ച ചെയ്യുകയുമുണ്ടായി. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ എൻ.ഒ.സി. 5 വർഷത്തേയ്ക്ക് കൂടി നീട്ടിക്കിട്ടിയിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ നീക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## (8) പാലം പുരാവസ്തുവായി സംരക്ഷിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ജോസഫ് വാഴക്കൻ: കേരളത്തിലെ ആദ്യത്തെ കോൺക്രീറ്റ് പാലമായ മൂവാറ്റുപുഴയാറിന് കുറുകെയുള്ള പാലം ബലപ്പെടുത്തുന്നതിനും പുരാവസ്തുവായി സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കേരളത്തിലെ ആദ്യത്തെ കോൺക്രീറ്റ് പാലമായ മൂവാറ്റുപുഴയാറിന് കുറുകെയുള്ള പഴയ പാലത്തിന് കാലപ്പഴക്കംകൊണ്ട് സംഭവിച്ചിട്ടുള്ള കേടുപാടുകൾ പരിഹരിച്ച് പുരാവസ്തുവായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (9) ക്ഷേമ പെൻഷൻ പദ്ധതികളുടെ ആനുകൂല്യങ്ങൾ

ശ്രീ. പി. ഉബൈദുള്ള: പ്രവാസിക്ഷേമത്തിനായി നോർക്കവഴി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ ഗുണഫലം അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന ക്ഷേമ പദ്ധതികൾക്ക് പ്രവാസികൾക്കിടയിൽ വ്യാപക പ്രചരണം നൽകുന്നതിന് സംവിധാനമുണ്ടാകണം. അപകട മരണങ്ങൾക്ക് നൽകുന്ന ഇൻഷുറൻസ് ആനുകൂല്യം സ്വാഭാവിക മരണങ്ങൾക്കും ലഭ്യമാ ക്കാനും നടപടി സ്വീകരിക്കണം. കുറഞ്ഞ അവധിക്ക് നാട്ടിലെത്തുന്ന പ്രവാസികൾക്ക് നോർക്കവഴി നൽകിവരുന്ന ഐഡന്റിറ്റി കാർഡിന് പകരം പ്രിവിലേജ് കാർഡ് നൽകണം. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നതിന് അംശദായം അടയ്ക്കുന്നതിനും പെൻഷൻ നൽകുന്നതിനുമുള്ള പ്രായം, കാലയളവ് എന്നിവ വ്യക്തമായി നിർവ്വചിക്കണം. 60 വയസ് പൂർത്തിയായ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഓരോ അംഗത്തിനും പെൻഷന് അർഹത നൽകണം. ക്ഷേമനിധിയിൽ അംഗമായിരിക്കേ മരണപ്പെ ടുന്നവരുടെ അംഗത്വത്തിന്റെ കാലാവധി നോക്കാതെ കുടുംബ പെൻഷൻ ലഭ്യമാക്കണം. നോർക്കവഴി പ്രവാസികൾക്ക് നടപ്പിലാക്കുന്ന പദ്ധതിയുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധിയിൽ കാലാനുസൃതമായ മാറ്റം വരുത്തണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രവാസികളുടെ ക്ഷേമത്തിനായി വകുപ്പ് നടപ്പിലാക്കുന്ന സാന്ത്വന പദ്ധതിപ്രകാരമുള്ള ചികിത്സാ സഹായം,

വീൽചെയർ സഹായം, വിവാഹ ധനസഹായം എന്നിവയിൽ വലിയ വർദ്ധനവ് വരുത്തിയിട്ടുണ്ട്. നോർക്ക റൂട്ട്സിൽനിന്ന് നൽകുന്ന തിരിച്ചറിയൽ കാർഡിനൊപ്പമുള്ള സൗജന്യ ഇൻഷുറൻസ് തുക 2 ലക്ഷം രൂപയാക്കിയിട്ടുണ്ട്. ഇൻഷുറൻസ് ആനുകൂല്യം സ്വാഭാവിക മരണത്തിനും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. അംശദായം 300 രൂപയോ അതിൽക്കൂടുതലോ എന്നുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്. 60 വയസ്സ് പൂർത്തിയായ 5 വർഷം കുറയാതെ അംശദായം അടച്ച അംഗത്തിന് പ്രതിമാസം 1000 രൂപ പെൻഷൻ നൽകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നോർക്കയുടെ ഹെൽപ്പ് ഡെസ്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമകാര്യങ്ങൾ സജീവമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (10) എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റാൻ നടപടി

ശ്രീ. അൻവർ സാദത്ത്: അഗതി-ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട എ.പി.എൽ. റേഷൻ കാർഡുകളെ ബി.പി.എൽ. ആക്കി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): അഗതി-ആശ്രയ പദ്ധതിയിൽ അംഗങ്ങളായ എല്ലാവരെയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതുപ്രകാരം ബി.പി.എൽ. റേഷൻ കാർഡ് നൽകുന്ന തിനുള്ള നടപടി എല്ലാ ജില്ലാ കളക്ടർമാരും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽപ്പെട്ടവർക്ക് സൗജന്യമായി ജനറിക് മരുന്നുകൾ നൽകുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

## (11) ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണം

ഡോ. കെ.ടി. ജലീൽ: തീപിടുത്തത്തിൽ കത്തി നശിച്ച മലപ്പുറം ജില്ലയിലെ തവനൂർ നിയോജക മണ്ഡലത്തിൽപ്പെട്ട ചമ്രവട്ടം അയ്യപ്പക്ഷേത്രം പുനർനിർമ്മിക്കാനും ഈ ക്ഷേത്രത്തെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി മാറ്റുന്നതിനും സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും അടിയന്തരമായി തയ്യാറാക്കി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ക്ഷേത്ര നിർമ്മാണം പൂർത്തിയാകുന്നതുവരെ ഒരു സ്പെഷ്യൽ ഓഫീസർക്ക് അധിക ചുമതല നൽകി നിയമിച്ചിട്ടുണ്ട്. ക്ഷേത്ര പുനർനിർമ്മാണത്തിന് മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര ജീർണ്ണോദ്ധാരണ പദ്ധതിയിൽനിന്ന് പരമാവധി തുക അനുവദിക്കുന്നതും ആവശ്യമുള്ളപക്ഷം സർക്കാരിൽനിന്നും സഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതുമാണ്. നിലവിലുള്ള സ്ഥലം പരമാവധി പ്രയോജനപ്പെടുത്തി ഈ ക്ഷേത്രത്തെ അയ്യപ്പഭക്തരുടെ ഇടത്താവളമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (12) യുവതിയെ ആക്രമിച്ച സംഭവം

ശ്രീ. പി. കെ. ഗുരുദാസൻ: കൊല്ലം നഗരത്തിൽനിന്നും ഓട്ടോറിക്ഷയിൽ കയറിയ യുവതിയെ ആക്രമിച്ച കേസിലെ കുറ്റവാളികളെ അറസ്റ്റ് ചെയ്യാനും പോലീസ് സ്റ്റേഷനിൽ വച്ച് അപമര്യാദയായി പെരുമാറിയ

എസ്.ഐ.യുടെ പേരിൽ ശക്തമായ ശിക്ഷാ നടപടി സ്വീകരിക്കാനും യുവതിക്ക് സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കണ്ടാലറിയാവുന്ന രണ്ട് പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വർണ്ണാഭരണങ്ങളും മൊബൈൽ ഫോണും കവർച്ച ചെയ്യപ്പെട്ടതായും യുവതി മൊഴി നൽകിയിട്ടുണ്ട്. യുവതി നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലും കൊല്ലം സിറ്റിയിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് ഒബ്സർവേഷൻ ക്യാമറകളുടെ ഫീഡർ പരിശോധിച്ചും മറ്റ് തെളിവുകൾ ശേഖരിച്ചും പ്രതികളെ കണ്ടെത്തുന്നതിന് കൊല്ലം ഈസ്റ്റ് സി.ഐ.യുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തിവരുന്നുണ്ട്. സംഭവത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും പ്രസ്തുത കേസിന്റെ മോണിറ്ററിംഗ് നേരിട്ടുള്ള മേൽനോട്ടത്തിൽത്തന്നെ നിർവ്വഹിക്കുന്നതിനും സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെടുന്നതാണ്.

## (13) എ.ഐ.എസ്.എഫ്. പ്രവർത്തകനായ ശ്രീ. ചില്ലോഗിനെ മർദ്ദിച്ച സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ്: തൃശ്ശൂർ കേരളവർമ്മ കോളേജിൽ കഴിഞ്ഞ ദിവസം നടന്ന അക്രമത്തിൽ മുൻ എം.എൽ.എ. ശ്രീ. രാജാജി മാത്യു തോമസിന്റെ മകനും എ.ഐ.എസ്.എഫ്. അനുഭാവിയുമായ ചില്ലോഗിനെ ക്രൂരമായി മർദ്ധിച്ചവരേയും മറ്റ് അക്രമപരമ്പരകൾക്ക് നേതൃത്വം നൽകിയവരേയും അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 18-03-2013-ന് തൃശ്ശൂർ കേരളവർമ്മ കോളേജിലെ എ.ഐ.എസ്.എഫ്. അനുഭാവിയായ വിദ്യാർത്ഥിയെ കോളേജിനകത്തുവച്ച് ഇഷ്ടികകൊണ്ട് ഇടിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ നാല് വിദ്യാർത്ഥികളെയും പിറ്റേ ദിവസം ശ്രീ. രാജാജി മാത്യു തോമസിന്റെ മകനും എ.ഐ.എസ്.എഫ് അനുഭാവിയുമായ ചില്ലോഗിനെ അക്രമിച്ച കേസിൽ എസ്.എഫ്.ഐ.ക്കാരായ അഞ്ച് വിദ്യാർത്ഥികളെയും പ്രതികളാക്കി തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളായ രണ്ട് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയും ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാനുള്ള ശ്രമം നടന്നുവരികയുമാണ്. എ.ഐ.എസ്.എഫ് പ്രവർത്തകർ വാദികളായി എസ്.എഫ്.ഐ.കാർക്കെതിരെ ഒരു കേസും എ.ഐ.എസ്.എഫ്.കാർ എസ്.എഫ്.ഐ.ക്കാരെ ആക്രമിച്ചതിന്റെ പേരിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കേസ്സുകൾ അന്വേഷിച്ചുവരികയാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## അറിയിപ്പ്

### അംഗങ്ങളുടെ പെരുമാറ്റം സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നലെ സഭയുടെ നടുത്തളത്തിൽ ഇറങ്ങി അധ്യക്ഷവേദിക്കുമുന്നിൽ വന്ന് ആക്രോശിച്ച സംഭവത്തിൽ സ്പീക്കർ കർശനമായി താക്കീത് ചെയ്ത സംഭവത്തെക്കുറിച്ച് ശ്രീ. വി.ശിവൻകുട്ടി എം.എൽ.എ. എഴുതിത്തന്ന കത്ത് ചെയർ പരിശോധിക്കുകയും അദ്ദേഹത്തിന്റെ സമീപനത്തെ അഭിനന്ദിക്കുന്നതോടൊപ്പം ഉൾക്കൊള്ളുകയും ചെയ്യുന്നു. ഒരു അംഗം മറ്റൊരു അംഗത്തിനെതിരെ പരാമർശം നടത്തുമ്പോഴോ ഏതെങ്കിലും ഒരു അംഗത്തിനെതിരെ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലോ ബന്ധപ്പെട്ട അംഗത്തിന് വിശദീകരണത്തിനുള്ള അവസരം നൽകുന്നതാണ്. എന്നാൽ ഇക്കാര്യം ചെയർ നേരിട്ട് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് താക്കീത് ചെയ്തിട്ടുള്ളത്. ചെയറിന്റെ പരാമർശവുമായി ബന്ധപ്പെട്ട് ഒരംഗത്തിന് വീണ്ടും വിശദീകരിക്കാനുള്ള അവസരം കൊടുത്ത കീഴ്വഴക്കമില്ല. അദ്ദേഹത്തിന്റെ വികാരം ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നം അവസാനിപ്പിക്കുന്നു.

## ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത

തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷത്തിന്റെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ ഇ. ചന്ദ്രശേഖരൻ, ജി. സുധാകരൻ, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, കെ. വി. വിജയദാസ്, എളമരം കരീം, കെ. കുഞ്ഞിരാമൻ (ഉദുമ), എസ്. ശർമ്മ, ജെയിംസ് മാത്യു, കെ.കെ.ജയചന്ദ്രൻ, ഇ. പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, സി.കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), മുല്ലക്കര രത്നാകരൻ, കെ.കെ. നാരായണൻ, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, റ്റി. വി. രാജേഷ്, ബി. സത്യൻ, ഡോ.ടി.എം.തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ. കെ. ലതിക, കെ. എസ്. സലീഖ, ഗീതാ ഗോപി എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എം. ചന്ദ്രൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളോടുള്ള അവഗണന കാര്യമായി പ്രതിഫലിച്ച ബഡ്ജറ്റാണിത്. കെ.എസ്.ഇ.ബി.ക്ക് കൂടുതൽ തുക വകയിരുത്തണം. വരൾച്ചമൂലം കൃഷിനാശം സംഭവിച്ചവർക്കായി യാതൊരു സഹായവും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. 22 കോളേജുകൾ പുതിയതായി പ്രഖ്യാപിച്ചെങ്കിലും അവ ഏതൊക്കെ മേഖലയിലാണെന്ന്

വ്യക്തമാക്കിയിട്ടില്ല. കാർഷികാദായ നികുതി ഒഴിവാക്കിയതുകൊണ്ട് കൃഷിക്കാർക്ക് യാതൊരു ഗുണവും ലഭിക്കില്ല. വർഗ്ഗീയ ശക്തികൾക്കും ജാതീയ ശക്തികൾക്കും കീഴടങ്ങുന്ന സർക്കാരാണിത്.

ശ്രീ. വി. റ്റി. ബൽറാം: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ആധുനിക കേരളത്തിന് അടിത്തറയിടുന്ന ബഡ്ജറ്റ് അവതരിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. ധനകാര്യ മാനേജുമെന്റിന് ഏറ്റവും നല്ല മാതൃകയാണ് ഈ ബഡ്ജറ്റ്. ദേശീയ ശരാശരിയുടെ ഇരട്ടിയോളം സാമ്പത്തിക വളർച്ച കൈവരിച്ചുകൊണ്ടാണ് കേരളത്തിന്റെ സമ്പദ്ഘടന മുന്നോട്ടുപോകുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനായി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സംവിധാനം സ്വാഗതാർഹമാണ്. നദികളുടെ സംരക്ഷണത്തിനുവേണ്ടി ഫണ്ട് അനുവദിച്ചതും മഴവെള്ളം സംഭരിച്ച് ഭൂഗർഭ ജലത്തിന്റെ റീചാർജിംഗിന് ഉപയോഗിക്കുന്നതും നെൽവയൽ സംരക്ഷണ നിയമം നടപ്പാക്കുന്നതിനുള്ള ഡാറ്റാ ബാങ്ക് രൂപീകരണത്തിന് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. തടയണകൾക്കുവേണ്ടി 400 കോടി രൂപ നീക്കിവച്ചതും എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്. ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവരെ സംരക്ഷിക്കുകയോ വരുമാനമുണ്ടാക്കിക്കൊടുക്കുകയോ ചെയ്യേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. മിനിമം കൂലിയുടെ പകുതിയെങ്കിലും തൊഴിൽ ചെയ്യാൻ കഴിയാത്ത ആളുകൾക്ക് പെൻഷൻ രൂപത്തിൽ കൊടുക്കാൻ സംവിധാനമുണ്ടാക്കണം. വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ തുക അനുവദിച്ചതും പുതുതായി 22 കോളേജുകൾ പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. കെ. രാജു : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ധനമന്ത്രി തന്റെ പാർട്ടിക്കാർക്കും മുന്നണിക്കുംവേണ്ടി സ്വജനപക്ഷപാതപരമായി ഖജനാവിനെ ദുരുപയോഗം ചെയ്തിരിക്കുകയാണ്. 22 കോളേജുകൾ അനുവദിച്ചത് ഏത് മേഖലയിലാണെന്ന് വ്യക്തമാക്കിയിട്ടില്ല. പത്തനാപുരം താലൂക്ക് നിലനിൽക്കെ പുതുതായി പുനലൂർ താലൂക്ക് പ്രഖ്യാപിക്കുന്നതിനു പകരം പത്തനാപുരം വീണ്ടും ഉൾപ്പെടുത്തിയതിൽ വ്യക്തതയുണ്ടാകണം. വിശ്വകർമ്മ സമുദായത്തിലെ 60 വയസ്സ് കഴിഞ്ഞതും ബി. പി. എൽ. കുടുംബങ്ങളിൽപ്പെട്ടതും മറ്റ് പെൻഷനുകൾ ഇല്ലാത്തവരുമായ മുഴുവൻ ആളുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അറുപത് വയസ്സ് പൂർത്തിയാക്കിയ മുൻ പഞ്ചായത്ത് മെമ്പർമാർക്കും പെൻഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. നീതി നിർവ്വഹണം സുഗമമായി നടപ്പാക്കുന്നതിന് പുതിയ കോടതികളും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന സബ്കോടതികളും ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

ശ്രീ. സി. മോയിൻകുട്ടി: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഏപ്രിൽ 1 മുതൽ ജോലിയിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയത് ഈ ഗവൺമെന്റിന്റെ ദിശാബോധത്തിന് തെളിവാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുതകുന്ന ബഡ്ജറ്റാണിത്. യുവാക്കളിൽ കർമ്മശേഷിയും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്ന നിരവധി പരിപാടികൾ ഈ ബഡ്ജറ്റിലുണ്ട്. പ്ലേസ്മെന്റ് സെല്ലുകൾ സ്ഥാപിക്കുന്നതും സാമൂഹ്യ പെൻഷനുകൾ വർദ്ധിപ്പിച്ചതും ചില വിഭാഗങ്ങൾക്കുകൂടി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതും

ജനങ്ങൾക്ക് ആശ്വാസകരമാണ്. മംഗല്യ നിധി പദ്ധതി മറ്റ് സംസ്ഥാന ങ്ങൾക്കും മാതൃകയാക്കാവുന്നതാണ്. കാരുണ്യ ലോട്ടറിയിലൂടെ സമാഹ രിക്കുന്ന ധനം ചികിത്സാ സഹായമായി നൽകുന്നത് അഭിനന്ദനാർഹമാണ്. മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമുള്ള വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഫീസ് ഇളവു ചെയ്ത് കൊടുക്കുന്നതും അന്യ സംസ്ഥാന തൊഴിലാളികൾക്ക് നൈറ്റ് ഷെൽട്ടർ സ്ഥാപിക്കാനുള്ള തീരുമാനവും മദ്യം, മയക്കുമരുന്ന്, ആഡംബര കാറുകൾ, സിഗററ്റ്, ലഹരി വസ്തുക്കൾ എന്നി വയ്ക്ക് തീരുവ വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ഭൂമി വാങ്ങി മൂന്ന് മാസ ത്തിനുള്ളിൽ മറിച്ചു വിറ്റാൽ ഇരട്ടി തുകയും ആറു മാസത്തിനകം വീണ്ടും മറിച്ചു വിറ്റാൽ ഒന്നര ഇരട്ടി തുകയും അധികമായി സ്റ്റാമ്പ് ഡ്യൂട്ടിയായി വസൂലാക്കുമെന്ന തീരുമാനം ഭൂ മാഫിയകളുടെ പ്രവർത്തനം മന്ദീഭവിപ്പി ക്കുന്നതിന് ഉപകരിക്കും. ഒരു ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള ചെറു കിട കർഷകൻ സഹകരണ ബാങ്കിൽനിന്നെടുത്ത വായ്പയ്ക്കുള്ള പലിശ പൂർണ്ണമായി ഇളവു ചെയ്യുമെന്ന തീരുമാനവും ഇത്തരം കർഷകർക്ക് തുടർന്നും പലിശ രഹിത വായ്പകൾ നൽകുമെന്ന ബഡ്ജറ്റ് നിർദ്ദേശവും നെല്ല് സംഭരണത്തിന് കൂടിയ വില നൽകുന്നതോടൊപ്പം അതേ സ്പോട്ടിൽത്തന്നെ കാശ് കൊടുക്കുവാൻ തയ്യാറാകുന്നതും നാളികേരത്തിന് താങ്ങുവില വർദ്ധിപ്പിച്ചതും കർഷകർക്ക് ആശ്വാസകരമാണ്. എല്ലാ ദിവ സവും എല്ലാ കൃഷിഭവനുകളിലും സംഭരണ സൗകര്യം ഏർപ്പെടുത്തണം. മലയോര കുടിയേറ്റ മേഖലകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടു തലായി അനുവദിക്കണം. തൃപ്തി ഹോട്ടൽ സംവിധാനം എല്ലാ പഞ്ചായത്തു കളിലും കൊണ്ടുവരണം. അടിവാരം-ചെമ്പുകടവ്, നെല്ലിപ്പോയ്, പുല്ലൂരാംപാറ റോഡ് യാഥാർത്ഥ്യമാക്കണം. 2012 ആഗസ്റ്റ് 6-ാം തീയതി

ഉണ്ടായ ഉരുൾപൊട്ടലിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് ഭൂമി ഏറ്റെടുത്തു നൽകാമെന്ന വാഗ്ദാനവും റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പണം നൽകാമെന്ന വാഗ്ദാനവും പാലിക്കണം. മലബാറിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ ഗവൺമെന്റ് ആശുപത്രിയിൽ കിടത്തി ചികിത്സ ഉറപ്പു വരുത്തണം. വനാതിർത്തിയിൽ സോളാർ ഫെൻസിംഗ് ഏർപ്പെടുത്തുകയും വിളകൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുകയും ഭവനങ്ങൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുകയും വേണം.

ശ്രീ. ജോസ് തെറ്റയിൽ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. മുൻ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ പലതും നടപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് വിഹിതത്തിന്റെ 57.82 ശതമാനം മാത്രമേ വിനിയോഗിക്കാൻ സാധിച്ചിട്ടുളളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ താലൂക്കുകൾ അനുവദിച്ചത് അപലപനീയമാണ്. അങ്കമാലി താലൂക്കും ബൈപ്പാസും പ്രഖ്യാപിക്കണം. ഈ ബഡ്ജറ്റ് പക്ഷപാതപരമാണ്. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണം.

പ്രൊഫ. എൻ. ജയരാജ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ലോട്ടറി സമ്മാനത്തിന്റെ ഒരു വിഹിതം നിക്ഷേപമാക്കി മാറ്റുന്ന 'സമ്പാദ്യ' പദ്ധതി ശ്ലാഘനീയമാണ്. കഴിഞ്ഞ സാമ്പത്തികവർഷം 52 ശതമാനം തുക ചെലവഴിക്കാനും 70 ശതമാനത്തോളം തുക റവന്യൂ ഇനത്തിൽ പിരിച്ചെടുക്കാനും ഗ്രോത്ത് റേറ്റ് വർദ്ധിപ്പിക്കാനും സാധിച്ചു. 8635.03 കോടി രൂപ ഈ വർഷത്തെ ക്യാപ്പിറ്റൽ

എക്സ്പെന്റിച്ചറിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ പ്രത്യേകം ബുക്കായി പ്രിന്റ് ചെയ്ത് റിവ്യൂ നടത്തിയാൽ എത്രമാത്രം ഔട്ട്കം ഇതിനുണ്ടായി എന്ന് അറിയാനും കുറേക്കൂടി സിംപ്ലിഫൈ ചെയ്തുകൊണ്ടുള്ള ബഡ്ജറ്റ് പ്രൊസ്യൂജ്വർ ഉണ്ടാക്കാനും സാധിക്കുന്നതാണ്. ക്ഷേമ പ്രവർത്തനങ്ങൾ അർഹരായവരിലേയ്ക്ക് എത്തുന്നില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ആത്മവിശ്വാസവും കൂട്ടുത്തരവാദിത്വവും നഷ്ടപ്പെട്ട ഗവൺമെന്റാണിത്. മറ്റുള്ളവർക്ക് മാതൃകയായ കേരളം ഇന്ന് പല മേഖലകളിലും തകരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. പത്തിരുപത് വർഷങ്ങളായി ഇവിടെ നടപ്പിലാക്കുന്ന പുതിയ സാമ്പത്തിക നയങ്ങൾ തൊഴിലാളികളേയും പാവപ്പെട്ടവരേയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നതിൽ മൂന്നിൽ ഒരാൾ ഭാരതീയനാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. 83.86 കോടി ജനങ്ങൾ 20 രൂപപോലും ഒരു ദിവസം വരുമാനമില്ലാത്തവരായി കഴിയുന്നുവെന്നാണ് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. 53 കോടി വീടുകളിൽ കക്കൂസില്ലെന്ന് മാത്രമല്ല 26 ശതമാനത്തോളം ആളുകൾ സ്വന്തം പേരെഴുതാനറിയാത്തവരുമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അഴിമതിയുടെ ചെറിയ ശതമാനം തുക പാവപ്പെട്ടവർക്കുവേണ്ടി ചെലവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുമായിരുന്നെങ്കിൽ ലോകത്തിനുമുന്നിൽ ഇന്ത്യയ്ക്ക് തല കുനിക്കേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. വളരെയധികം പ്രഖ്യാപനങ്ങൾ ബഡ്ജറ്റ് ചർച്ചയുടെ

അവസാന നിമിഷത്തിൽ ഉണ്ടായി. പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്ന ഭൂരിപക്ഷം തുകയും ലാപ്സാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സമസ്ത മേഖലകളിലും കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട സർക്കാരാണിത്. പുതുതായി റവന്യൂ വരുമാനം കണ്ടെത്തുന്നതിനോ റിസോഴ്സ് മൊബിലൈസേഷനു വേണ്ടിയോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ശ്രീ. പി. എ. മാധവൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് കൃഷിക്കാർക്ക് വളരെ ആശ്വാസമേകുന്ന ഒരു ബഡ്ജറ്റാണിത്. പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, ഹൈടെക് ഫാമിംഗ്, നാളികേര വികസനം, സംഭരണം തുടങ്ങിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. പ്രവാസികളുടെ പ്രതീക്ഷയ്ക്ക് ഒട്ടേറെ വക നൽകുന്നതും ഒട്ടനവധി വരൾച്ചാദുരിതാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചതുമായ ഒരു ബഡ്ജറ്റാണിത്. കൃഷിഭവനുകളിലൂടെ പച്ചതേങ്ങ സംഭരണം ഏർപ്പെടുത്തിയ സർക്കാരിന്റെ നടപടി സ്വാഗതാർഹമാണ്. നിരവധി ആനുകൂല്യങ്ങളും വിവാഹ ധനസഹായങ്ങളും പെൻഷൻ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചത് പ്രശംസനീയമാണ്. രൂക്ഷമായ വരൾച്ചാപ്രശ്നം പരിഹരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ചതും മഴവെള്ള സംഭരണികളും മഴക്കുഴികളും നിർമ്മിച്ച് ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയ നടപടിയും ശ്ലാഘനീയമാണ്. വീടില്ലാത്തവർക്ക് വീടും ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും കൃത്യസമയത്തിനുള്ളിൽ പദ്ധതികളുടെ പൂർത്തീകരണത്തിനുവേണ്ടി മോണിറ്ററിംഗ് സംവിധാനവുമേർപ്പെടുത്തിയത് സ്വാഗതാർഹമാണ്.

ശ്രീ. സാജു പോൾ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. വില ക്കയറ്റം, വരൾച്ച, ഊർജ്ജ പ്രതിസന്ധി മുതലായവയ്ക്ക് ബഡ്ജറ്റിലൂടെ പ്രതിവിധി കണ്ടെത്താനായിട്ടില്ല. സംസ്ഥാനത്തെ റവന്യു സംവിധാനം ഉടച്ചു വാർക്കാൻ സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ടുകൾ പരിഗണിച്ചിട്ടില്ല. കെ.എസ്. ആർ.ടി.സി., കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള ഒരു നടപടിയും ബഡ്ജറ്റിലൂടെ സ്വീകരിച്ചിട്ടില്ല. ബഡ്ജറ്റിൽ പ്രതിപക്ഷ മണ്ഡല ങ്ങളെ പ്രത്യേകിച്ച് എറണാകുളം ജില്ലയെ പാടേ അവഗണിച്ചിരിക്കുകയാണ്. കുന്ദമംഗലം മണ്ഡലത്തിൽ കേരളത്തിലെ ഏക സബ് താലൂക്ക് നില നിൽക്കുകയാണെന്നത് വിചിത്രമാണ്. അങ്കമാലി, പിറവം കുന്നത്തുനാട് എന്നിവയെ ഉൾപ്പെടുത്തി 24 പുതിയ താലൂക്കുകൾ ആരംഭിക്കണമെന്ന ഡി. ബാബുബോൾ കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കിയില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളെല്ലാം നടപ്പാക്കുമെന്ന് യാതൊരു ഉറപ്പുമില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 3000 ഗ്രീൻ ഹൗസ് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഷാഫി പറമ്പിൽ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കർഷക സംരക്ഷണം ഉറപ്പാക്കുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്താൻ സർക്കാരിന് സാധിച്ചു. തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാനുതകുന്ന സുസ്ഥിര തൊഴിൽ വികസന പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പരിപാടികൾ അങ്ങേയറ്റം പ്രശംസനീയ മാണ്. ചെറുപ്പക്കാരെ സംരംഭകരായി വളർത്തിയെടുക്കാൻ ആവശ്യമായ

പദ്ധതികളടങ്ങുന്ന ബഡ്ജറ്റാണിത്. ബഡ്ജറ്റിലെ ഒട്ടനവധി പ്രഖ്യാപനങ്ങൾ പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിലാണെന്ന വസ്തുത കാണാതിരിക്കരുത്. സാമ്പത്തികമാന്ദ്യം ലോകത്തെയാകമാനം ഗ്രസിച്ചിരിക്കുന്ന സന്ദർഭത്തിലും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഒരു വർഷം 100 ദിവസം തൊഴിൽ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിയുന്നുണ്ട്. ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസ അവകാശം ഉറപ്പാക്കൽ എന്നീ പദ്ധതികളെല്ലാം സാധാരണ ജനങ്ങളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രതിബദ്ധതയ്ക്കുള്ള ഉത്തമ ദൃഷ്ടാന്തങ്ങളാണ്. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളും മഹത്തരങ്ങളാണ്. കേരള ചരിത്രത്തിലെ വികസന നാഴികക്കല്ലിൽ സുവർണ്ണ ലിപികളാൽ ഈ നേട്ടങ്ങൾ എഴുതിച്ചേർക്കപ്പെടുമെന്നും ഉയർന്ന വളർച്ചാ നിരക്ക് നേടിയെടുക്കാൻ കഴിയുമെന്നും നിസംശയം പറയാൻ കഴിയും.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രതിപക്ഷ അംഗങ്ങളോട് നിഷേധാത്മകമായ സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. വാറ്റ് ഇനത്തിലുള്ള നികുതി വർദ്ധിപ്പിച്ചതിലൂടെ ജനങ്ങളുടെ മേൽ അമിത നികുതി ഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. നികുതി ഇളവ് അനുവദിച്ചത് ടൂറിസം പോലുള്ള മേഖലയിലായിരുന്നുവെങ്കിൽ അത് സമൂഹത്തിന്റെ പൊതുപുരോഗതിക്ക് സഹായകരമാകുമായിരുന്നു. റേഷൻകടകൾ വഴി വിൽക്കേണ്ട ഉൽപ്പന്നങ്ങൾ കരിഞ്ചന്തയിൽ എത്തുന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുപകരം റേഷൻ സമ്പ്രദായം

തകർക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്ത് 9.5 ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചിരിക്കുന്നത് സേവന മേഖലയെ അടിസ്ഥാനപ്പെടുത്തിയായിരിക്കെ കാർഷിക-വ്യവസായിക മേഖല യിലെ വളർച്ചാ നിരക്ക് കുറഞ്ഞുവരികയാണ്. ബഡ്ജറ്റിൽ ഭരണകക്ഷി അംഗങ്ങളുടെ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പദ്ധതികൾ അനുവദിച്ച നടപടി പ്രതിഷേധാർഹമാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പലതും പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരഹിത രില്ലാത്ത കേരളം പദ്ധതിക്ക് നാമമാത്രമായ തുകയാണ് വകയിരുത്തിയിരിക്കു ന്നത്. ഐ.എ.വൈ. പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ആത്മാർത്ഥതയു ണ്ടോയെന്ന് വ്യക്തമാക്കണം. കേരളത്തിന്റെ പുരോഗതിയെ തകർക്കുന്ന നടപടികളാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. കാർഷിക വിള കളുടെ വിലയിടിവിൽ നിന്നും ഇടുക്കി ജില്ലയിലെ കൃഷിക്കാരെ സംരക്ഷിക്കാനാവശ്യമായ പദ്ധതികളൊന്നും ഈ ബഡ്ജറ്റിലില്ല.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കാസർഗോഡ് ജില്ലയ്ക്ക് അർഹമായ പരിഗണന നൽകി യതും സമൂഹത്തിലെ ഇരുപതോളം വിഭാഗങ്ങളുടെ പെൻഷൻ ആനു കൂല്യങ്ങൾ വർദ്ധിപ്പിച്ചതും കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ മാരകരോഗ ങ്ങൾക്ക് അടിമപ്പെട്ടവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ സാധി ച്ചതും ആശ്വാസകരമാണ്. മംഗലാപുരത്തുള്ള സ്വകാര്യ ആശുപത്രിയെകൂടി കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുകയും കാസർഗോഡ് വികസന പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യണം.

ശ്രീ. ആർ. രാജേഷ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നടപ്പാക്കാൻ കഴിയാത്ത പ്രഖ്യാപനങ്ങൾ അടങ്ങിയ ഈ ബഡ്ജറ്റിൽ ആലപ്പുഴ ജില്ലയെ പൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. കാർഷിക മേഖലയെയും പൊതുവിദ്യാഭ്യാസ മേഖലയേയും പുരോഗതിയിലേയ്ക്ക് നയിക്കുന്ന പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. സർവ്വശിക്ഷ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചതിലൂടെ വൻ അഴിമതിയാണ് നടത്തിയിരിക്കുന്നത് കൊലപാതക കേസുകളിലെ പ്രതികളെ പിടിക്കാൻ ഈ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ.എം.ഷാജി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരുടെമേൽ അധിക നികുതി അടിച്ചേല്പിക്കാത്തതും ക്ഷേമപദ്ധതികൾക്ക് പ്രാമുഖ്യം നൽകിയിട്ടുമുള്ള ബഡ്ജറ്റാണിത്. ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുകയും ആർട്സ് കോളേജുകളിലെ പെൺകുട്ടികൾക്ക് കോളേജിനകത്ത് തന്നെ സ്കിൽ ഡെവലപ് ചെയ്യുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചതും സ്വാഗതാർഹമാണ്. കേരളം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി കേരളത്തെ മുന്നോട്ട് നയിക്കാനുള്ള പരിശ്രമവും നടത്തിയിട്ടുണ്ട്. ചരക്ക് ഗതാഗതം സുഗമമാക്കാനായി ജലഗതാഗതം പ്രയോജനപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനം നടത്താൻ കഴിയുന്ന തരത്തിൽ ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കണ്ണൂരിനെ ഹാന്റ്‌ലൂം വില്ലേജായി പ്രഖ്യാപിച്ചത് അഭിനന്ദനീയമാണ്.

<u>ശ്രീ. ഇ.കെ.വിജയൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. അഗ്രികൾച്ചർ ഇൻകം ടാക്സ് വൻകിടക്കാർക്ക് ഒഴിവാക്കിക്കൊടുക്കുകയും പാവപ്പെട്ട കൃഷിക്കാരന് ലഭിക്കേണ്ട പലിശ സൗജന്യം ഇല്ലാതാക്കുകയും ചെയ്യുന്ന സാഹചര്യവുമാണ് നിലവിലുള്ളത്. കാർഷിക-വ്യാവസായിക മേഖലകളെ പരിപോഷിപ്പിക്കുന്ന ഒരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല. അവശ കലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടില്ല. എം.എൻ. ലക്ഷം വീട് പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തുകയും കുടിവെള്ള പ്രശ്നം പരിഹരിക്കുകയും ചെയ്യണം. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കണം. പദ്ധതി പ്രവർത്തനം യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത പഞ്ചായത്തുകൾക്ക് സമയം നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ വേണ്ട തുക ബഡ്ജറ്റിൽ വകയിരുത്തണം.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച പണം ക്യാൻസർ രോഗികൾക്ക് നൽകിയതിലൂടെ ഗവൺമെന്റിന്റെ പ്രതിഛായ വർദ്ധിച്ചിരിക്കുകയാണ്. ആർഭാട വിവാഹത്തിന് നികുതി ചുമത്തിയതിനെ സ്വാഗതം ചെയ്യുന്നു. ആധുനിക സോഫ്ട് വെയർ സംവിധാനം വികസിപ്പിച്ചു കൊണ്ട് വിവിധ മേഖലകളിൽ നികുതി പിരിവ് ഫലപ്രദമാക്കാനും നികുതി വെട്ടിപ്പ് തടയാനും നടപടികൾ സ്വീകരിക്കണം. വ്യാപാരി സമൂഹത്തെ വാണിജ്യ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരണം. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കണ്ണൂർ,

കൊല്ലം, ആലപ്പുഴ ജില്ലകളിലെ ട്രാഫിക് കുരുക്ക് മാറ്റാൻ ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. കണ്ണൂരിൽ വളപട്ടണം-മാഹി ബൈപ്പാസ് നിർമ്മിക്കുകയും കേന്ദ്ര സഹായത്തോടുകൂടി കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നാലുവരിപ്പാതയുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഗ്രീൻഫീൽഡ് റോഡ് പദ്ധതി നടപ്പാക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. **298** കോടി രൂപയുടെ പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വയ്ക്കുകയും അതിനനുസരിച്ച് ധനക്കമ്മി കൂട്ടുകയുമാണ് ഈ ബഡ്ജറ്റിലൂടെ ചെയ്തിരിക്കുന്നത്. പതിനൊന്നു താലൂക്കുകളുടെ നവീകരണത്തിനായി 33 കോടി രൂപയുടെ പ്രൊവിഷൻ ബഡ്ജറ്റിൽ വച്ചിട്ടുണ്ടെങ്കിലും അഡീഷണലായി കൂട്ടിച്ചേർത്ത താലൂക്കിന് വിഹിതം നീക്കിവച്ചിട്ടില്ല. 22 പുതിയ കോളേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ വിശദവിവരങ്ങളൊന്നുംതന്നെ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി എന്നിവയെ സ്വകാര്യവത്കരിക്കാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സൈബർ ക്രൈം സെന്റർ രൂപീകരണത്തിലൂടെ പോലീസിന്റെ പ്രവർത്തനത്തിൽ സ്വകാര്യമേഖലയ്ക്ക് ഇടപെടാൻ അവസരം നൽകുന്നത് അപകടകരമാണ്. ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന സർക്കാരാണിത്. അദ്ധ്യാപകരുടെ ലീവ് സറണ്ടർ ആനുകൂല്യം കുറച്ചത് അപലപനീയമാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകാതിരിക്കുന്നതിനു വേണ്ടി നിയമനങ്ങളെല്ലാം ഏപ്രിൽ 1-നുശേഷം നടത്തുന്നതിനായി മാറ്റിവച്ചി

രിക്കുകയാണ്. പോലീസിനും ജുഡീഷ്യറിക്കുംകൂടി പങ്കാളിത്ത പെൻഷൻ ബാധകമാക്കിയിരിക്കുകയാണ്. അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്ര യാക്കിയ ഒരു സർക്കാരാണിത്.

## വ്യക്തിപരമായ വിശദീകരണം

### പോലീസിനെ സ്വകാര്യവൽക്കരിക്കുന്നതായ ആരോപണം സംബന്ധിച്ച്

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പോലീസിനെ സ്വകാര്യവൽക്കരിക്കുന്നു എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ ആരോപണം യാഥാർത്ഥ്യമല്ല. സി.സി.ടി.വി. ക്യാമറ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ സഹായത്തോ ടുകൂടി സ്ഥാപിക്കുമെങ്കിലും മോണിറ്ററിംഗ് പോലീസ് സ്റ്റേഷനിലാണ്. സേഫ് കൊച്ചി സെക്യൂർ കൊച്ചി എന്ന സ്കീമിന്റെ അടിസ്ഥാനത്തിൽ കൊച്ചിയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നടപടിയാണിത്. 500 ആളുകൾക്ക് ഒരു പോലീസ് എന്നുള്ള ആൾ ഇന്ത്യാ ആവറേജിന് തുല്യമാകുന്ന രീതിയിൽ 5 ശതമാനം വച്ച് നിയമനം നടത്തുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): ശ്രീ. ടി.വി. രാജേഷ് ഉന്നയിച്ച ആരോപണങ്ങളെ പൂർണ്ണമായി നിഷേധിക്കുന്നു. 2012-13 വർഷത്തിൽ എസ്.എസ്.എ. പദ്ധതിയുടെ ടോട്ടൽ അലോക്കേ ഷനായ 523 കോടി രൂപയിൽ 65 ശതമാനം കേന്ദ്ര ഗവൺമെന്റും 35 ശതമാനം സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകളിലൂടെയും നൽകേണ്ടതാണ്. ഇതുവരെ ലഭിച്ചിട്ടുള്ള 411 കോടി രൂപയിൽ 281 കോടി

രൂപ ചെലവഴിച്ചിട്ടുണ്ട്. ഡെൽഹിയിലെ പദ്ധതി അംഗീകാര സമിതി 200 കോടി രൂപ വെട്ടിച്ചുരുക്കിയെന്ന് പറയുന്നത് ശരിയല്ല. പദ്ധതിയടങ്കലിന്റെ ഫൈനൽ അപ്രൈസൽ കഴിയുമ്പോൾ മാത്രമേ അടുത്ത വർഷത്തേയ്ക്ക് എത്ര തുകയാണുള്ളതെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളു. അംഗവൈകല്യമുള്ള കുട്ടികൾക്കാവശ്യമായ ഉപകരണങ്ങൾ എം.എച്ച്.ആർ.ഡി. അംഗീകരിച്ച ആന്വൽ വർക്ക് പ്ലാൻ നിബന്ധനകൾക്ക് വിധേയമായിട്ടാണ് വാങ്ങുന്നത്. മാത്തമാറ്റിക്സ് ലാബ് സെറ്റ് ചെയ്യാൻ വേണ്ടി മൂന്ന് കോടി രൂപ അനുവദിച്ചത് ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്. ഗവൺമെന്റ് ഏജൻസിയായ സിഡ്കോ മുഖേനയാണ് സപ്ലൈ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. എസ്.എസ്.എ.യുടെ ഗവേണിംഗ് ബോഡിയായിട്ടുള്ള പെഡസ്ക്-ൽ (PEDSK) ആവശ്യമുള്ള മൂന്ന് അദ്ധ്യാപക പ്രതിനിധികളിൽ ഒരാൾ എസ്.സി. ആയിരിക്കണമെന്നുള്ളതുകൊണ്ടാണ് ഒരാളെ ഒഴിവാക്കിയത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): താലൂക്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ ഗവൺമെന്റ് തീരുമാനിച്ച് പ്രഖ്യാപിച്ചതാണ്. ഏകാഭിപ്രായത്തിൽ പറയുന്ന ഏതെങ്കിലുമുണ്ടെങ്കിൽ ഇനിയും എടുക്കുന്നതാണ്. ഇക്കണോമിക് ഗ്രോത്ത് വന്നിട്ടില്ലാത്ത ജനവിഭാഗങ്ങൾക്കിടയിൽ അത് എത്തിക്കുക എന്നുള്ളതാണ് ഈ ബഡ്ജറ്റിന്റെ ലക്ഷ്യം. ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള 38 പദ്ധതികളിൽ ബഹുഭൂരിപക്ഷവും ഇക്കണോമിക് ഗ്രോത്ത് ഉയർത്തുന്ന പദ്ധതികളാണ്. എല്ലാവരും അഗീകരിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 63-നെതിരെ 72 വോട്ടുകളോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**റൂളിംഗ്**

**ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയ പരാമർശം**

മി. സ്പീക്കർ: ആഭ്യന്തര മന്ത്രിയുടെ പരാമർശത്തിനിടയിൽ ശ്രീ. വി. ശശിയുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ വാക്ക് പൻവലിച്ചതായും രേഖയിൽനിന്ന് അത് നീക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്ത് എഴുതിത്തന്നിട്ടുള്ളതിനാൽ നീക്കം ചെയ്യുന്നു.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

----------